## ഉത്തമശ്ചിന്തിതം കുര്യാത് പ്രോക്തകാരീ തു മദ്ധ്യമ:
## അധമോ*f*ശ്രദ്ധയാ കുര്യാദകർത്തോച്ചരിതം പിതു: (9-18-44)

*ശുകമുനി തുടർന്നു:*
പുരൂരവസ്സിൻെറ പുത്രൻ ആയുവിന് അഞ്ചു പുത്രൻമാർ. നഹുഷൻ ക്ഷത്രവൃദ്ധൻ രജി രംഭൻ അനേനൻ എന്നിവർ. നഹുഷന് അഞ്ച് പുത്രൻമാർ. യതി യയാതി സംയാതി ആയതി വിയതി കൃതി എന്നിവർ. യതിക്ക് ലൗകീകജീവിതത്തോട് താത്പര്യമൊന്നുമില്ലാതിരുന്നതിനാൽ സമയമായപ്പോൾ യയാതി രാജാവായി. മറ്റു നാലു സഹോദരൻമാർ പ്രവിശ്യാ ഭരണാധികാരികളുമായി.

അസുര രാജാവായ വൃഷപർവ്വന് ശർമ്മിഷ്ഠ എന്ന പേരിൽ ഒരു മകളും അസുര ഗുരുവായ ശുക്രാചാര്യർക്ക് ദേവയാനി എന്ന ഒരു മകളുമുണ്ടായിരുന്നു. ഒരിക്കൽ അവർ തോഴിമാരുമൊത്ത് ഒരു തടാകത്തിൽ നീരാടികൊണ്ടിരിക്കുമ്പോൾ പരമശിവൻ ആ വഴി വരുന്നതു കണ്ടു. ധൃതിയിൽ എല്ലാവരും വസ്ത്രം വാരിവലിച്ചുടുത്തു. എന്നാൽ ശർമ്മിഷ്ഠ അബദ്ധത്തിൽ ദേവയാനിയുടെ വസ്ത്രമാണുടുത്തത്. ക്രുദ്ധയായ ദേവയാനി രാജകുലം ബ്രാഹ്മണകുലത്തേക്കാൾ താഴ്ന്നതാണെന്ന വിശ്വാസത്താൽ ശർമ്മിഷ്ഠയെ ശകാരിച്ചു. "ഞങ്ങൾ ബ്രാഹ്മണർ ഭഗവാൻെറ വദനമാണ്. അസുരരാജപുത്രിയായ നിനക്കെങ്ങിനെ ഞങ്ങളുടെ വസ്ത്രം ധരിക്കാൻ ധൈര്യം വന്നു?" മന:സ്ഥൈര്യമുള്ള ശർമ്മിഷ്ഠ ബ്രാഹ്മണകുലത്തെ നിന്ദിച്ച് തക്ക മറുപടി നൽകി. "നിങ്ങൾ വെറും പിച്ചക്കാർ. ഞങ്ങളുടെ വാതിൽക്കൽ കാത്തു നിൽക്കുന്ന കാക്കകൾക്കു സമം." എന്നു പറഞ്ഞ് ദേവയാനിയുടെ വസ്ത്രം ചീന്തിക്കളഞ്ഞ് അവളെ അടുത്തുള്ള ഒരു കിണറ്റിൽ തള്ളിയിടുകയും ചെയ്തു.

യയാതി അവിടെ ആ സമയം വരാനിടയായി. അദ്ദേഹം തന്നെ തൻെറ മേൽവസ്ത്രം ദേവയാനിക്കുടുക്കാൻ നൽകി. എന്നിട്ട് കൈ നീട്ടി കിണറ്റിൽ നിന്നവളെ കരയ്ക്കു പിടിച്ചുകയറ്റി. തൻെറ കൈ പിടിച്ചതുകൊണ്ട് തന്നെ വിവാഹം കഴിച്ചേ തീരൂ എന്ന് യയാതിയോട് ദേവയാനി ആവശ്യപ്പെട്ടു. അവൾ ബ്രാഹ്മണ കുലത്തിൽപ്പെട്ടവളാണെങ്കിലും ഭഗവൽഹിതമെന്ന് കരുതി യയാതി സമ്മതിക്കുകയും ചെയ്തു. ദേവയാനി വീട്ടിലെത്തി ശർമ്മിഷ്ഠയുടെ ദുഷ്പ്രവർത്തിയെപ്പറ്റിയും ഉണ്ടായ സംഭവങ്ങളെപ്പറ്റിയും ശുക്രാചാര്യരോട് പറഞ്ഞു. ക്ഷിപ്രകോപിയായ ശുക്രാചാര്യൻ കൊട്ടാരം വിട്ടുപോവാൻ തീരുമാനിച്ചു. വൃഷപർവ്വരാജാവ് ആചാര്യനോട് നഗരംവിട്ട് പോകരുതെന്നപേക്ഷിച്ചു. മുനി മകളുടെ മുഖത്തേക്ക് നോക്കി എന്ത് തിരുമാനിക്ക ണമെന്നാരാഞ്ഞു. ദേവയാനി പറഞ്ഞു. "ശർമ്മിഷ്ഠ എൻെറ ഭൃത്യയായി വരുമെങ്കിൽ മാത്രം അച്ഛനിവിടെ തുടർന്നാൽ മതി. " രാജാവതു സമ്മതിച്ചു.

ശുക്രൻ ദേവയാനിയെ യയാതിക്ക് നൽകി. പക്ഷേ രാജാവിനോട് ഒരു താക്കീതും നൽകി. ശർമ്മിഷ്ഠയെ പ്രലോഭിപ്പിക്കരുത് എന്ന്. ദേവയാനി ഒരാൺകുട്ടിക്ക് ജൻമം നൽകി. ശർമ്മിഷ്ഠക്കും ഒരു പുത്രൻ വേണമെന്നാഗ്രഹം ജനിച്ചു. അവൾ യയാതിയെ സമീപിച്ചു. യയാതി അവളുടെ ആഗ്രഹം നിറവേറ്റി. ഇതിൽ അതീവക്രുദ്ധയായ ദേവയാനി അച്ഛൻെറ അടുത്തേക്ക് പോയി. ശുക്രാചാര്യൻ യയാതിയെ ശപിച്ചു. "നിൻെറ യൗവനം നഷ്ടപ്പെട്ട് ഉടനേ നീയൊരു വൃദ്ധനാവട്ടെ". തനിക്ക് ലൗകീകസുഖം വേണ്ടപോലെ അനുഭവിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് രാജാവ് ശുക്രാചാര്യനോടപേക്ഷിച്ചു. ശുക്രാചാര്യൻ ശാപമോക്ഷമായി രാജാവിന് തൻെറ വാർദ്ധക്യം ഏതെങ്കിലും ഒരു ചെറുപ്പക്കാരനോട് കൈമാറ്റം ചെയ്യാമെന്നറിയിച്ചു. യയാതി തൻെറ പുത്രൻമാരെ സമീപിച്ചു. മൂത്ത മൂന്നുപേരും അതിനു തയ്യാറായില്ല. എന്നാൽ പൂരു അച്ഛൻെറ വാർദ്ധക്യം ഏറ്റെടുക്കാൻ തയ്യാറായി. "ഇതെൻെറ ഏറ്റവും വലിയ കടമയാണ്. അച്ഛൻെറ ആഗ്രഹങ്ങൾ മനസ്സിൽക്കണ്ട് അവയെ നിറവേറ്റുന്നവൻ ഉത്തമപുത്രനത്രെ. അച്ഛൻ പറഞ്ഞതു കേട്ട് പ്രവർത്തിക്കുന്നവൻ മദ്ധ്യമൻ. അധമനായവൻ അച്ഛൻെറ നിർദ്ദേശം മനമില്ലാമനസ്സോടെ പ്രാവർത്തികമാക്കുന്നു. അച്ഛൻെറ വാക്കുകൾ അനുസരിക്കാത്തവൻ അച്ഛൻെറ ഉഛിഷ്ടമത്രെ." അങ്ങിനെ യയാതി യൗവനം വീണ്ടെടുത്തു. ദേവയാനിയുമായി ലൗകീകസുഖങ്ങളനുഭവിച്ചുവാണു. അതോടൊപ്പം ധാർമ്മിക പ്രവർത്തനങ്ങളും നയിച്ചു പോന്നു.